## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1555

14.12.2012 ലെ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം

**ചോദ്യം**
ശ്രീ. വി. ചെന്താമരാക്ഷൻ

**ഉത്തരം**
ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ തുടങ്ങുന്ന പദ്ധതികളും, സ്ഥാപനങ്ങളും സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ) യും (ബി) യും

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു.

1. അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ മുസ്ലീം യുവജനതയ്ക്ക് പി.എസ്.സി, യു.പി.എസ്.സി, ബി.എസ്.ആർ.ബി, ആർ.ആർ.ബി, യു.ജി.സി എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്ക് വേണ്ടിയുള്ള കോച്ചിംഗ് സെന്ററുകളും ഉപകേന്ദ്രങ്ങളും എല്ലാ ജില്ലകളിലും ആരംഭിക്കും. 20% സീറ്റുകൾ മറ്റ് പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങൾക്ക് വേണ്ടി നീക്കി വച്ചിട്ടുണ്ട്. ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ അടിസ്ഥാന സൗകര്യമൊരുക്കിത്തരുമ്പോൾ അവിടെ പരിശീലകർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നൽകുന്ന രീതിയിലാണ് സബ് സെന്ററുകൾ ആരംഭിക്കുന്നത്.
2. 70% ന്യൂനപക്ഷ വനിതകളെങ്കിലുമുള്ള രജിസ്റ്റർ ചെയ്ത വനിത സ്വയം സഹായ സംഘങ്ങൾ , അവർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്ന സ്വയം സഹായ സംരംഭങ്ങളുമായി സമീപിച്ചാൽ പദ്ധതി ചെലവിന്റെ പകുതിയോ രണ്ടരലക്ഷം രൂപയോ ഏതാണോ കുറവ് അത് ഗ്രാന്റായി നൽകുന്നതാണ് ന്യൂനപക്ഷ വനിതകളുടെ സ്വയം സഹായ പദ്ധതി.
3. 1000 ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുകയും 250 ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യും. അപേക്ഷകർ 10-ാം ക്ലാസ് പാസ്സായവരും 2012 ജനുവരി ഒന്നിന് 18-നും 39-നും ഇട

യിൽ പ്രായമുള്ളവരുമായിരിക്കണം. അപേക്ഷകർ അതതു ജില്ലകളിലേയ്ക്കാണ് അപേക്ഷ നൽകേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം നാലായിരം രൂപ ഹോണറേറിയം നൽകും.

4. 12 മുതൽ 20 വയസ്സുവരെ പ്രായമുള്ള പ്ലസ് ടു, ഡിഗ്രി ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഏപ്രിൽ, മെയ് മാസങ്ങളിൽ റസിഡൻഷ്യലായി വ്യക്തിത്വ വികസന ക്ലാസ്സുകൾ നടത്താൻ ഉദ്ദേശിക്കുന്നു. 40% ന്യൂനപക്ഷ വിഭാഗത്തിലെ ബി.പി.എൽ വിഭാഗത്തിനായി മാറ്റി വച്ചിട്ടുണ്ട്. വിവിധ രംഗങ്ങളിലെ പ്രഗദ്ഭരായിരിക്കും ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.
5. തൊഴിൽ രഹിതരായ 100 ന്യൂനപക്ഷ യുവജനതയ്ക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ / പോളിടെക്നി ക്കുകളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ച് സിഡ്കോ വഴി സിവിൽ എഞ്ചിനീയറിംഗിലും ഓട്ടോകാഡിലും ഒരു വർഷത്തെ പരിശീലനം നൽകി, പ്രൊഫഷണൽ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് ആന്റ് ഓട്ടോകാഡ് നൽകുന്നു.
6. കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു.
7. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ധന സഹായം, നിർദ്ധനർക്ക് ഭവന വായ്പ, സർക്കാർ ഇതര ഏജൻസികൾക്ക് സഹായം, വിദ്യാഭ്യാസ വായ്പ, തൊഴിൽ പരിശീലനം, ഉൽപ്പന്നങ്ങൾക്ക് വിപണന സഹായം എന്നിവ നൽകുന്നതിനായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പ്രവർത്തനസജ്ജമാകുന്നു.
8. വിവാഹമോചിതരും കഴിഞ്ഞ 5 വർഷമായി പുനർവിവാഹിതരല്ലാത്തവരും സർക്കാർ സർവ്വീസിലോ അല്ലാതെയോ സ്ഥിരവരുമാനക്കാരായ ആൺമക്കൾ ഇല്ലാത്തവരും സ്വന്തമായി കിടപ്പാടം ഇല്ലാത്തവരുമായ ന്യൂനപക്ഷ വനിതകൾക്ക് 1000 വീടുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ 20,00,00,000 രൂപയുടെ പദ്ധതി

സെക്ഷൻ ഓഫീസർ.